**അദ്ധ്യായം 8**

# ക്രിസ്തുവിന്റെ സഭകൾ

ജെ. ജി. ടോൾ

വിവർത്തനം: ബൈജു. വി. ബാലൻ (09650383432)

കർത്താവായ യേശുക്രിസ്തു “സഭ” എന്ന വാക്ക് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന രണ്ടേ രണ്ടവസരങ്ങളിൽ രണ്ടാമത്തേതിൽ ആദ്യഭാഗത്ത് പ്രയോഗിച്ചതിൽനിന്നും വളരെ വ്യത്യസ്തമായ രീതിയിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത് എന്ന് നാം കാണുകയുണ്ടായി. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക വെളിപ്പാട് പ്രാപിച്ചതിനാൽ അവൻ മുഖാന്തിരം, താൻ തന്നെ ഏകമാത്രമായ അടിസ്ഥാനമായിരിക്കുന്ന, നിത്യാനുഗ്രഹങ്ങളിലേക്കും സുരക്ഷയിലേക്കും കൊണ്ടുവരപ്പെട്ട വർത്തമാനയുഗത്തിലെ സകല വിശ്വാസികളുടേയും ആകെത്തുകയാണ് മത്തായി 16:18ൽ പറഞ്ഞിരിക്കുന്ന സഭ. അതേ സമയം മത്തായി 18:17 ൽ ഒരു പ്രത്യേക സമയത്തിന്റെയും, പ്രത്യേക സ്ഥലത്തിന്റെയും പരിമിതിയുള്ളതെങ്കിലും അതിൽത്തന്നെ നിറവുള്ള, തിരിച്ചറിയുവാൻ കഴിയുന്ന ഒരു സംഘമാണ് സഭ. അതിനെ സമീപിക്കുവാനും, അഭിസംബോധന ചെയ്യുവാനും (“സഭയോട് അറിയിക്ക”) കൂടാതെ തങ്ങളോട് ബന്ധപ്പെട്ട കാര്യങ്ങളിൽ അവർക്ക് ഏക ശബ്ദത്തിൽ സംസാരിക്കുവാനും (“സഭയെയും കൂട്ടാക്കാഞ്ഞാൽ”) കഴിയും. 19-ാം വാക്യം പൂർണ്ണമായോ ഭാഗികമായോ അനുഷംഗികമായെടുത്താലും സ്വർഗ്ഗത്തിന് സ്വീകാര്യമാകുംവിധം എങ്ങനെ ഇപ്രകാരമുള്ള ഒരു കൂട്ടത്തിൽ ശിക്ഷണ നടപടി കൈക്കൊള്ളാം എന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 18-ാം വാക്യത്തോട് ബന്ധപ്പെടുത്തിയാണ് 20-ാം വാക്യം പറഞ്ഞിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ 17-ാം വാക്യത്തിൽ സഭ എന്ന് വിളിക്കപ്പെട്ടിരിക്കുന്ന കൂട്ടത്തിന്റെ കൂടിവരവിൻ മാതൃകയാണ് 20-ാം വാക്യത്തിൽ നമുക്ക് വിവരിച്ച് നൽകിയിരിക്കുന്നത്; ഇത് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലേക്ക് കൂട്ടിവരപ്പെട്ട ഒരു കൂട്ടമാണ്.

നാമം (പേര്) ദൈവിക വെളിപ്പാടിലൂടെ, വിശേഷാൽ ദൈവവചനം മുഖാന്തിരം (സങ്കീ. 132:2) അറിവാക്കപ്പെട്ട വ്യക്തിയെ ആണ് സൂചിപ്പിക്കുന്നത്. കർത്താവായ യേശുക്രിസ്തു സ്വാഭാവിക കണ്ണുകൾക്ക് എത്തപ്പെടാൻ കഴിയാത്ത മേഖലയിലേക്ക് കടന്നു പോയിരിക്കുന്ന ഈ സമയത്ത് ദൈവിക വെളിപ്പാടിന്മേലുള്ള വിശ്വാസത്തിന്റെ ശക്തിയിലാണ് അവർ പ്രവർത്തിക്കുന്നത് എന്നാണ്, ഇപ്രകാരം വെളിപ്പാട് ലഭിച്ചവർ വ്യക്തിയിലേക്ക് എന്നതിനേക്കാളുപരി നാമത്തിലേക്ക് കൂട്ടിവരപ്പെട്ടവർ ആണ് (ഉദാ. മത്തായി 13:2, മർക്കോസ് 6:30) എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇപ്രകാരമുള്ള ഒരു കൂട്ടത്തിന്, അത് എവിടെ ആയിരുന്നാലും, കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്ന സാന്നിദ്ധ്യം സ്പഷ്ടമായും തന്റെ ആത്മിക സാന്നിദ്ധ്യമാണ് അല്ലാതെ തന്റെ ശാരീരിക സാന്നിദ്ധ്യമല്ല. ആകയാൽ നാം സഭയെക്കുറിച്ചുള്ള പഠിപ്പീരുകൾ മത്തായി 16-ലെ പോലെ തന്നെ മത്തായി 18-ലും മുൻകൂട്ടിയുള്ളതാണെന്ന തിരിച്ചറിവുള്ളവരായിത്തീരുന്നു. ക്രിസ്തു ഭൂമിയിൽ തന്റെ ജനത്തിന്റെ ശ്രദ്ധാകേന്ദ്രമായി ശാരീരികമായി സന്നിഹിതനല്ലാതിരിക്കുന്ന, അപ്പോൾ തന്നെ തന്റെ ശാരീരിക അസാന്നിദ്ധ്യ കാലയളവിൽ തന്റെ നാമത്തിൽ കൂട്ടിവരപ്പെട്ട തന്റെ ജനത്തിന്റെ മദ്ധ്യത്തിൽ, അവർ കൂട്ടിവരപ്പെട്ടത് എവിടെ ആയിരുന്നാലും, ഒരേ സമയത്ത് അപ്രകാരമുള്ള എത്രയധികം കൂട്ടങ്ങൾ ഉണ്ടായിരുന്നാലും അവരുടെ മദ്ധ്യത്തിൽ തന്റെ ആത്മിക സാന്നിദ്ധ്യം ഉണ്ടാകുന്ന ദിവസത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മത്തായി 28:19,20 ൽ പറഞ്ഞിരിക്കുന്ന മഹാനിയോഗത്തിലെ വാക്കുകളുമായി ഇതിനെ നമുക്ക് താരതമ്യം

ചെയ്യുവാൻ കഴിയും “ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്.”

അ.പ്ര. 2:47 ൽ നിന്നും സഭ എന്ന വാക്ക് നീക്കം ചെയ്താലും ഇതേ കൂട്ടത്തെ അ.പ്ര. 5:11 മുതൽ സഭ എന്ന് വിളിച്ചിരിക്കുന്നു. പുതിയനിയമത്തിൽ ഇങ്ങനെ വിളിക്കപ്പെട്ട ആദ്യകൂട്ടം ഇതാണ്. പെന്തക്കോസ്ത് ദിവസം അവന്റെ (ക്രിസ്തുവിന്റെ) ശരീരമായ സഭയുടെ മാത്രം ജന്മദിനമല്ല (എഫെ. 1:22, 23, 1 കൊരി. 12:13, അ.പ്ര. 11:15 നോക്കുക). പകരം ആദ്യത്തെ സ്ഥലംസഭയുടെ ജന്മദിനവും സന്നിഹിതനല്ലാത്ത കർത്താവിന്, താൻ തിരിച്ചു വരുന്ന നാൾ വരെ വഹിക്കുന്ന സ്ഥലം സഭാ സാക്ഷ്യത്തിന്റെ പ്രാരംഭവും കൂടിയാണ്.

നമുക്ക് ചുറ്റും താന്താങ്ങളുടെ സംഘടനാ രീതികളിൻ പ്രകാരം കൂടിവരുന്ന അനേക മതപരമായ കൂട്ടങ്ങൾ ഉള്ളതിനാലും, വർത്തമാന കാലത്തെ ക്രിസ്തീയ ലോകത്തെ ദൈവ ദൃഷ്ടിയിൽ മതപരമായ ബാബിലോണാക്കിത്തീർക്കുന്ന ഇവയുടെ ആകെത്തുകയായ അലങ്കോലം അഥവാ ചിന്താക്കുഴപ്പം കാരണവും, ദൈവിക വിഷയങ്ങളെ പ്രാധാന്യത്തോടെ കാണുന്ന ഏതൊരു വിശ്വാസിയെ സംബന്ധിച്ചിടത്തോളവും സഭാ കൂടിവരവിനെ സംബന്ധിച്ച് തുടക്കത്തിൽ നമുക്ക് നൽകപ്പെട്ട മാതൃകയെ, കേവലം ജിജ്ഞാസ ശമിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അല്ല പകരം എന്നത്തേയും എന്നപോലെ ഇന്നും ദൈവിക മാതൃക പ്രകാരമായിരിക്കുക എന്നത് ദൈവജനത്തിന്റെ കടമയാണെന്ന പരിപൂർണ്ണ ബോധ്യത്തിൽ, അത് പ്രാവർത്തികമാക്കുക എന്ന ഉദ്ദേശത്തോടുകൂടി അടുത്ത് പരിശോധിക്കുന്നത് ഉചിതമാണ്.

ആദ്യം മത്തായി 18:20 ൽ സഭയെക്കുറിച്ചുള്ള കർത്താവായ യേശുക്രിസ്തുവിന്റെ വിവരണത്തിന്റെ ആക്ഷരിക രൂപം നമുക്ക് നോക്കാം. “എവിടെ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ (അല്ലെങ്കിൽ നാമത്തിലേക്ക്) കൂട്ടിവരപ്പെട്ടിരിക്കുന്നുവോ അവിടെ ഞാൻ അവരുടെ മദ്ധ്യത്തിൽ ഉണ്ട്.”

## സ്ഥലം (Place)

ആദ്യം ശ്രദ്ധിക്കേണ്ട വിഷയം “എവിടെ“” എന്ന വാക്കാണ്. ഇത് **സ്ഥലത്തെ** സൂചിപ്പിക്കുന്നു. ഈ വേദഭാഗത്ത് ഇതിന്റെ അർത്ഥം എവിടെയൊക്കെ എന്നാണ്. കാരണം കർത്താവിന്റെ വാഗ്ദാനം എല്ലായിടത്തും പ്രാബല്യമുള്ളതാണ്. തന്റെ ജനത്തിന്റെ മദ്ധ്യത്തിൽ കർത്താവിന്റെ സാന്നിദ്ധ്യമുണ്ട് എന്ന് വ്യക്തമായിരിക്കുന്നിടത്ത്, അവർ കൂടി വന്നിരിക്കുന്ന സ്ഥലത്തിന് അതിൽത്തന്നെ യാതൊരു പ്രാധാന്യവുമില്ല. ഇത് ദൈവിക ഭരണത്തിന്റെ സമൂലമായ പരിവർത്തനത്തെ സൂചിപ്പിക്കുന്നു. കാരണം കഴിഞ്ഞുപോയ യുഗത്തിൽ ദൈവഭവനം ഒരു സ്ഥലമായിരുന്നു. ഒരു സ്ഥലത്ത് ഒരേ ഒരു സ്ഥലത്ത് മാത്രം ദൈവം തന്റെ ജനത്തിന്റെ മദ്ധ്യേ പാർത്തു. താൻ ആ സ്ഥലം തിരഞ്ഞെടുത്തു, തന്റെ നാമത്താൽ ആ സ്ഥലത്തെ അടയാളപ്പെടുത്തി, കഠിനമായ ശിക്ഷണ നടപടികളുടെ മുന്നറിയിപ്പ് നൽകി മറ്റേതെങ്കിലും സ്ഥലത്തെ അംഗീകരിക്കുന്നതിൽ നിന്നും തന്റെ ജനത്തെ വിലക്കി. (ഉദാ: ആവ. 12 നോക്കുക). എന്നാൽ വർത്തമാന കാലയളവിൽ ദൈവത്തിന്റെ ഭവനം ഒരു സ്ഥലമല്ല പകരം ഒരു ജനമാണ് (എബ്രാ. 3:6). ഒരു ഭൗമിക ഭവനമല്ല ആത്മിക ഭവനമാണ്. (1 കൊരി. 3:9; 1 പത്രൊ. 2:5). “ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയം” പൗലോസ് 1 തിമൊ. 3:5 ൽ എഴുതുന്നു. 1 കൊരി. 16:19 മുതലായ ഭാഗങ്ങളിൽ സഭയെ അവർ കൂടി വന്ന സ്ഥലത്തുനിന്നും (വീട്) വേർതിരിച്ച് പറഞ്ഞിരിക്കുന്നു. ഒരു സഭ എന്നത് പുതിയ നിയമത്തിൽ എല്ലായിടത്തും ഒരു

ജനസംഘമാണ്. എന്നിട്ടും തുടർമാനമായി ഈ വാക്ക് മതപരമായ കെട്ടിടങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നു. ഇക്കാരണത്താൽ ഞങ്ങൾ ചർച്ച് എന്ന വാക്കിന് പകരം മലയാളത്തിൽ സഭ എന്നും ഇംഗ്ലീഷിൽ അസംബ്ലി എന്നും ഉപയോഗിക്കുവാൻ താൽപ്പര്യപ്പെടുന്നു. കാരണം ഈ വാക്കുകൾ ഒരു കെട്ടിടത്തെയോ, കൂടിവരുന്ന സ്ഥലത്തെയോ അല്ല പകരം കൂടിവരപ്പെട്ട ജനത്തെയാണ് കാണിക്കുന്നത്. സഭ ഒരു വീട്ടിലോ (റോമ. 16:23) സ്കൂളിലോ കളപ്പുരയിലോ കൂടി വരാം. എവിടെ കൂടിവരുന്നു എന്നതിന് പ്രാധാന്യമില്ല. വെഞ്ചെരിക്കപ്പെട്ട ക്രിസ്തീയ കെട്ടിടങ്ങൾ പുതിയ നിയമ കാലഘട്ടത്തിലും അടുത്ത അനേക നൂറ്റാണ്ടുകളിലും അജ്ഞാതമായിരുന്നു. പഴയ തിരഞ്ഞെടുക്കപ്പെട്ട പട്ടണമായ യെരുശലേമിലും കർത്താവിന്റെ സാന്നിദ്ധ്യം ഒതുങ്ങി നിൽക്കുന്നില്ല. സുവിശേഷം പരന്നതോടുകൂടി അന്ത്യോക്യയിലും, ദെർബെയിലും, ഫിലിപ്പിയയിലും, കൊരിന്തിലും, റോമിലും എന്നു വേണ്ട ആകാശത്തിൻ കീഴിലുള്ള സകല നഗരങ്ങളിലും സഭകൾ രൂപം കൊണ്ടു. അവിടെയൊക്കെ തന്റെ നാമത്തിലേക്ക് കൂട്ടിവരപ്പെട്ട തന്റെ ജനത്തിന്റെ മദ്ധ്യെ പാർക്കുവാൻ കർത്താവിന് പ്രസാദമായി. ഇപ്രകാരം താൻ ഓരോ സഭയെയും വിശുദ്ധ സ്ഥലമാക്കി മാറ്റി. (ഉദാ. 1 കൊരി. 3:16, 17).

## വ്യക്തികൾ (People)

"രണ്ടോ മൂന്നോ" എന്ന പദപ്രയോഗമാണ് ശ്രദ്ധിക്കേണ്ട രണ്ടാമത്തെ വിഷയം. ഇത് **വ്യക്തികളെ** സൂചിപ്പിക്കുന്നു. സഭയിൽ രണ്ടോ മൂന്നോ പേരിൽ കൂടുതൽ ആളുകൾ ഉണ്ട് എന്ന് മത്തായി 18–ലെ സാഹചര്യത്തിൽ നിന്നും വ്യക്തമാണ്. എന്നാൽ ഈ പ്രയോഗം ബാഹുല്യത്തിന്റെ ഏറ്റവും കുറഞ്ഞ രൂപമാണ് സൂചിപ്പിക്കുന്നത്. തന്റെ സാന്നിദ്ധ്യമറിയിക്കുന്നതിന് എത്തരത്തിലുള്ള സ്ഥലത്താണ് കൂടിവരുന്നത് എന്നത് പ്രാധാന്യമില്ലാത്ത വസ്തുതയായിരിക്കുന്നതുപോലെ തന്നെ കൂട്ടത്തിന്റെ അംഗസംഖ്യാബലത്തിനും പ്രാധാന്യമില്ല എന്ന വസ്തുതയാണ് കർത്താവ് ഇവിടെ ഊന്നിപ്പറയുന്നത്.

## സ്ഥാനം (Position)

കൂട്ടിവരപ്പെടുക എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്ന ക്രിയാവാക്കാണ് മൂന്നാമത് ശ്രദ്ധിക്കേണ്ട വിഷയം. ഇത് സംഘത്തിന്റെ **സ്ഥാനത്തെ** സൂചിപ്പിക്കുന്നു. പൂർണ്ണ പറ്റുവിനയച്ചത്തിന്റെ കർമ്മണി പ്രയോഗമെന്ന നിലയിൽ (Perfect participle form of the verb in passive voice) ഈ വാക്കിന് "കൂട്ടിവരപ്പെട്ടുകൊണ്ടേയിരിക്കുന്ന" എന്ന അർത്ഥമാണ് ഉള്ളത്. "കൂട്ടിവരപ്പെട്ട് ആ നിലയിൽ തുടർന്നുകൊണ്ടേയിരിക്കുന്ന" എന്ന് പറയുവാൻ കഴിയുംവിധത്തിൽ ക്രിയയുടെ പൂർണ്ണകാല രൂപത്തിനുള്ള നിലനിൽക്കുന്ന ഫലം എന്ന സവിശേഷ ആശയം ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു. വചനപ്രകാരം ആരംഭിച്ച ഒരു സ്ഥലംസഭ അവർ മുറുകെ പിടിച്ചുകൊണ്ടിരുന്ന സ്ഥാനത്തുനിന്നും വ്യതിചലിക്കുവാനും തന്മൂലം കർത്താവിനാൽ തള്ളിക്കളയപ്പെടുവാനും സാദ്ധ്യതയുണ്ടെന്ന വസ്തുത ദുഃഖകരമെങ്കിലും പറഞ്ഞുകൊള്ളട്ടെ (വെളി. 2:5, 3:16). 18:20 ൽ ഉപയോഗിച്ചിരിക്കുന്ന കർമ്മണി പ്രയോഗത്തിന്റെ പ്രഭാവത്തെക്കുറിച്ച്, വിശേഷാൽ മൂന്നാമതൊരു വ്യക്തിയാൽ കൂട്ടിവരപ്പെട്ടത് എന്നർത്ഥത്തിൽ ഒരു ബാഹ്യ ഹേതുവിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ടോ എന്നുള്ളതിനോടുള്ള ബന്ധത്തിൽ, വളരെയധികം എഴുതപ്പെട്ടിട്ടുണ്ട്. ഈ ക്രിയാശബ്ദം ഇതേ കർമ്മണി രൂപത്തിൽ തിരുവചനത്തിന്റെ മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് നാം പരിശോധിക്കുകയാണെങ്കിൽ ഈ കർമ്മണി രൂപം അതിൽത്തന്നെ ഇപ്രകാരമൊരർത്ഥം ആവശ്യപ്പെടുന്നുണ്ടോ എന്ന് സംശയിക്കണം. പകരം ബാഹ്യഹേതുവിനാലാകട്ടെ അല്ലാതാകട്ടെ കൈവരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിയെ

അല്ലെ ഇത് സൂചിപ്പിക്കുന്നത്? എന്തായാലും ഇവിടെ (മത്തായി 18:20) ഈ വാക്കിന്റെ രൂപത്തെ അതിന്റെ കണിശമായ ആക്ഷരിക അർത്ഥത്തിൽ എടുക്കുന്നതിന് വളരെ തക്കതായ കാരണമുണ്ട്. എന്തുകൊണ്ടെന്നാൽ ഇപ്രകാരം രൂപം കൊണ്ട ഒരു കൂട്ടം "ദൈവത്തിന്റെ സഭ" ആണ്, "വിളിച്ചു വേർതിരിക്കപ്പെട്ട ദൈവത്തിന്റെ ഒരു കൂട്ടം". സഭ ദൈവത്തിനാൽ വിളിച്ച് വേർതിരിക്കപ്പെട്ടതും ദൈവത്തിനുവേണ്ടി വിളിച്ച് വേർതിരിക്കപ്പെട്ടതുമാണെന്നാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്. ദൈവം സഭയ്ക്ക് രൂപം കൊടുക്കുന്നു. അത് തന്റെ കൈവശാ വകാശമായി മാറുന്നു. ഇങ്ങനെ ഇത്തരത്തിലുള്ളൊരു സംഘത്തിന്റെ രൂപീകരണം ദൈവത്തിന്റെ പ്രവർത്തിയാണ്, കൂടാതെ ഈ രൂപീകരണത്തിന് ദൈവം ഉപയോഗിക്കുന്ന ഉപകരണം ദൈവവചനമാണ്. ഒരു കൂട്ടം ക്രിസ്ത്യാനികൾ ശരിയായ മാതൃക പ്രകാരം കൂടിവരുവാൻ തീരുമാനിക്കുന്നത് വളരെ നിസ്സാരവും എളുപ്പമുള്ളതുമായ കാര്യമാണ്. പക്ഷെ ഒരു കൂട്ടം "ദൈവസഭ" ആകണമെങ്കിൽ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ കൂട്ടിവരപ്പെടണമെങ്കിൽ, ഉദ്യമം ദൈവഭാഗത്തുനിന്നും ഉണ്ടാകണം. വചനത്താൽ അതിന് നിയോഗം നൽകി ദൈവം തന്നെ അതിന്റെ സൃഷ്ടികർത്താവ് ആകണം. ഇതിന് വളരെ മനോഹരമായൊരു ഉദാഹരണം യശയ്യാവ് 56:6–8 ലും സങ്കീ. 43:3,4 ലും കാണുവാൻ കഴിയും. *(തമ്മിൽത്തല്ല്, പടലപ്പിണക്കം, താൻപോരിമ, ഗർവ്വ്, സ്ഥാനമാനമോഹങ്ങൾ മുതലായ കാരണങ്ങളാൽ വഴക്കു കൂടി കർത്താവ് കൂട്ടിയ കൂട്ടത്തിൽ നിന്നും പിരിഞ്ഞവർ ഒരുമിച്ച് കൂടിവന്നാൽ അത് ദൈവസഭയായിത്തീരുകയില്ല. സമൂഹം ഒരു പക്ഷെ ഇക്കൂട്ടരെ അംഗീകരിച്ചെന്നിരിക്കും. എന്നാൽ കർത്താവ് ഇത് ഒരു കാലത്തും അംഗീകരിക്കുന്നില്ല. – വിവർത്തകൻ).*

## ശീലം (Practice)

**ശീലത്തെ** കാണിക്കുന്ന "വരുന്ന" എന്ന ക്രിയയാണ് നാലാമത്തെ വിഷയം. കൂട്ടിവരപ്പെടുന്ന എന്ന പ്രയോഗം സഭയുടെ ഘടനയെ ആണോ അതോ കേവലം ഒരു വിശേഷ അവസരത്തിൽ അത് കൂടിവന്നു എന്ന വസ്തുതയെ ആണോ കാണിക്കുന്നത് എന്നത് വളരെയധികം സംവാദിക്കപ്പെട്ട മറ്റൊരു വിഷയമാണ്. ഒരു സ്ഥലം സഭയെ അതിന്റെ ഘടനയോടുള്ള ബന്ധത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ കൂട്ടിവരപ്പെട്ടതായി കാണണമോ അതോ അതു കൂടിവരുമ്പോൾ മാത്രം സഭയായിരിക്കുന്നുവോ? തിരുവചനം ഈ രണ്ടാശയങ്ങളെയും പിന്താങ്ങുന്നുവെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഇതേ വാക്ക് വീണ്ടും വരുന്ന അ.പ്ര. 11:26 ൽ (വീണ്ടും കർമ്മണി പ്രയോഗത്തിൽ) നാം ബർന്നബാസിനെയും ശൗലിനെയും കുറിച്ച് ഇപ്രകാരം വായിക്കുന്നു, "അവർ ഒരു സംവത്സരം മുഴുവൻ സഭായോഗങ്ങളിൽ കൂടുകയും.... " ഇത് 12 മാസം ദൈർഘ്യമുള്ള ഒരു മീറ്റിംഗ് അല്ലായിരുന്നു. അന്ത്യോക്യയിലെ സഭയോടു ചേർന്ന അവർ അവിടെ പാർത്തകാലം മുഴുവൻ സഭയോടു കൂട്ടിവരപ്പെട്ടവരായി കണക്കാക്കപ്പെട്ടു. ഇത് വളരെ പ്രാധാന്യമുള്ളൊരു വസ്തുതയാണ്. സ്ഥലം സഭാ കൂട്ടായ്മ എന്നത് യഥാർത്ഥമായൊരു പ്രതിജ്ഞാബദ്ധതയാണ്. അതുകൊണ്ടു തന്നെ കൂട്ടായ്മയിലാകുന്ന ആൾ വളരെ വ്യക്തമായൊരു സ്ഥാനത്തേക്ക് കൊണ്ടുവരപ്പെടുന്നത് ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. സ്ഥലം സഭാ കൂട്ടായ്മയെ യാദൃശ്ചികമായോ ക്ഷണികമോ ആയി യാതൊരു കാരണവശാലും കണക്കിലെടുക്കുവാൻ പറ്റില്ല. നാം പൗലോസിനെക്കുറിച്ച് "അവൻ യെരുശലേമിൽ എത്തിയാറെ ശിഷ്യന്മാരോട് ചേരുവാൻ ശ്രമിച്ചു" എന്നു വായിക്കുന്നു. (അ.പ്ര.9:26, 20). അതായത് യെരുശലേമിലുള്ള സഭയോട് ചേരുവാൻ ശ്രമിച്ചു. "ചേരുക" എന്ന വാക്കിന്റെ അർത്ഥം "ഒട്ടുക" എന്നാണ്.

സാഹചര്യങ്ങളുടെ സമ്മർദ്ദം സമയത്തിനു മുമ്പേ പൗലോസിനെ യെരുശലേമിൽ നിന്ന് മാറ്റി. പക്ഷെ താൻ അവിടെ ഉണ്ടായിരുന്നിടത്തോളം "അവൻ അവരുമായി പെരുമാറി". (അവൻ അവരോടുകൂടെ അകത്തു വരികയും പുറത്തു പോകുകയും ചെയ്തു. Lit.) കൂട്ടായ്മയുടെ ബന്ധം പൂർണ്ണവും ജീവിതത്തിന്റെ സകല മേഖലയേയും ബാധിക്കുന്നതുമാണ്. ഞായറാഴ്ചകളിൽ ദൈവജനത്തോടു കൂടിവന്നപ്പോൾ എങ്ങനെ ഞാൻ സഭയുടെ ഭാഗമായിരുന്നുവോ അതുപോലെ തന്നെ തിങ്കളാഴ്ചകളിൽ എന്റെ ജോലിസ്ഥലത്തും ഞാൻ സഭയുടെ ഭാഗമായിരിക്കുന്നു. കർത്താവിന്റെ നാമത്തിലേക്ക് കൂട്ടിവരപ്പെടുക എന്നത് സ്ഥായിയായ ഒരു സ്ഥാനമാണ്. ഒരു സ്ഥലം സഭയോടുള്ള സംസർഗ്ഗം മുഖാന്തിരം ഞാൻ ആ സ്ഥാനത്ത് എത്തപ്പെടുന്നു.

പക്ഷെ ഈ വിഷയത്തിന് മറ്റൊരു വശമുണ്ട്. 1 കൊരി. 11:18–ൽ നാം ഇപ്രകാരം വായിക്കുന്നു, "നിങ്ങൾ സഭ കൂടുമ്പോൾ". സംഘം, സഭ എന്ന നിലയിൽ യോഗം കൂടുന്നതാണ് ഇവിടെ പറഞ്ഞിരിക്കുന്നത്, അതായത് സഭാ പരിമാണത്തിൽ കൂടിവരുന്നത്. അ.പ്ര. 20:7ലെ "കൂടി വന്നപ്പോൾ" ഒരു പ്രത്യേക കൂടിവരവിനെ സൂചിപ്പിക്കുന്നു. 1 കൊരി. 5:4 ഉം അപ്രകാരം തന്നെ. "സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ" (1 കൊരി. 14:34) എന്നത് സഭായോഗങ്ങളിൽ സ്ത്രീകൾ സംസാരിക്കുന്നതിനെ മാത്രമാണ് വിലക്കുന്നത്. ഒരു പക്ഷെ മത്തായി 18:20 ലെ "കൂട്ടി" (gathered) എന്ന വാക്ക് സഭയുടെ സ്ഥാനത്തെയും "വരുന്ന" (are) എന്ന വാക്ക് ഒരു പ്രത്യേക അവസരത്തിൽ ആ സ്ഥാനത്തിനനുസരിച്ച് പ്രാവർത്തികമായി യോഗം കൂടപ്പെട്ട സംഘത്തെയുമാണ് സൂചിപ്പിക്കുന്നത്.

## മാതൃക (Pattern)

"എന്റെ നാമത്തിൽ" (അല്ലെങ്കിൽ "നാമത്തിലേക്ക്") എന്ന വാക്യാംശമാണ് അഞ്ചാമത്തെ വിഷയം. മലയാളത്തിൽ 'ൽ' എന്ന് തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് ഗ്രീക്കിൽ 'എയിസ്' ആണ്. 'എൻ' അല്ല. 'എയിസ്' എന്ന വാക്കിന് ലേക്ക്, ൽ, നോട്, യ്ക്കുവേണ്ടി എന്നീ അർത്ഥങ്ങളുണ്ട്. "എന്റെ നാമത്തിൽ" എന്ന നിബന്ധനാത്മക പദപ്രയോഗം **മാതൃക**യെ സൂചിപ്പിക്കുന്നു. ഇത് വളരെ പ്രാധാന്യമുള്ള വിഷയം ആകയാൽ വിശദീകരണത്തിന് സ്ഥലം ആവശ്യമാണ്. ആകയാൽ ഈ വിഷയം മറ്റൊരദ്ധ്യായത്തിൽ പരിഗണിക്കേണ്ടതിനായ് വിടുന്നു.

## സാന്നിദ്ധ്യം (Presence)

ആറാമത്തെ വിഷയമാണ് "ഞാൻ ....... മദ്ധ്യത്തിൽ" എന്നത്. ഇത് **സാന്നിദ്ധ്യമാണ്**. ഇവിടെ അത്യന്തികമായ അനുഗ്രഹത്തെ, സകല അനുഗ്രഹങ്ങളുടേയും ആകെത്തുകയെ ചിത്രീകരിച്ചിരിക്കുന്നു. കർത്താവിന്റെ സാന്നിദ്ധ്യം സകല ആവശ്യങ്ങൾക്കും ഉത്തരവും സകല നന്മകളുടെയും ഉറപ്പുമാണ്. മത്തായി 18–ലെ സങ്കടകരമായ സാഹചര്യത്തിൽ പോലും കർത്താവിന്റെ സാന്നിദ്ധ്യം അനുഗ്രഹമാണ്. കാരണം, സഭയിലേക്ക് നുഴഞ്ഞു വന്ന പാപത്തെ ഫലപ്രദമായി നേരിടുവാൻ ഇത് സഭയെ പ്രാപ്തയാക്കുന്നു. ശിക്ഷണം കേവലം ആന്തരിക ഭരണം മാത്രമല്ല പകരം ഇത് തന്റെ ജനത്തിന്റെ മദ്ധ്യത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന കർത്താവിന്റെ നാമത്തിൽ സ്വർഗ്ഗത്തിന്റെ നീതി നടപ്പാക്കുന്നതാണ്.

## വാഗ്ദത്തം (Promise)

ഏഴാമത്തെ വിഷയം "ഞാൻ ...................... ഉണ്ട്" എന്ന **വാഗ്ദത്തമാണ്**. തങ്ങളുടേതായ ആശയപ്രകാരം കൂടിവരുന്ന, തന്റെ ജനം ഉൾപ്പെടുന്ന ഒരു സംഘത്തെ

ഒരു പക്ഷെ കർത്താവ് തന്റെ പരമാധികാരകൃപയിൽ സന്ദർശിച്ച് ഏതെങ്കിലും നിലയിൽ തന്റെ സാന്നിദ്ധ്യവും അനുഗ്രഹവും അവർക്ക് നൽകിയെന്നിരിക്കും. എന്നാൽ ഇത് ഒരു തരത്തിൽ പറഞ്ഞാൽ "ഉറപ്പ് നൽകിയിട്ടില്ലാത്ത ദയ"യാണ്. കർത്താവിന്റെ നിബന്ധനകളെ അക്ഷരംപ്രതി നിവർത്തിക്കുന്നതും കേവലം വാക്കിലല്ല യാഥാർത്ഥ്യത്തിൽ "അവന്റെ നാമത്തിൽ കൂട്ടിവരപ്പെട്ടതും" ആയ ഒരു സംഘത്തിനു മാത്രമേ കർത്താവിന്റെ വാഗ്ദത്ത സാന്നിദ്ധ്യത്തെ അവകാശപ്പെടുവാനും, അതിൽ ആശ്രയിക്കുവാനും, അതിനെ പ്രതീക്ഷിക്കുവാനും, ഒട്ടും അനുഭവവേദ്യമല്ലാത്ത സാഹചര്യത്തിലും അതിൽ വിശ്വസിക്കുവാനും കഴിയുകയുള്ളൂ.

അവസാനമായി "അവിടെ", "അവരുടെ" എന്നീ വാക്കുകൾ **സ്ഥലത്തെയും വ്യക്തികളെയു**മാണ് വീണ്ടും സൂചിപ്പിക്കുന്നത്. സ്ഥലമോ അംഗസംഖ്യാബലമോ പ്രാധാന്യമുള്ളതല്ല. കൂടിവരുന്ന സ്ഥലം എത്ര ദരിദ്രമായിരുന്നാലും കൂടിവരുന്നവരുടെ എണ്ണം എത്ര ചുരുക്കമായിരുന്നാലും ഒരു നിബന്ധന പാലിക്കുന്നവരുടെ മദ്ധ്യത്തിൽ കർത്താവ് തന്റെ സാന്നിദ്ധ്യം വാഗ്ദത്തം ചെയ്യുന്നു. അവർ കൂടിവരുന്ന സ്ഥലം ('അവിടെ') വിശുദ്ധസ്ഥലം ആയിത്തീരുന്നു, ആ വ്യക്തികൾ ('അവരുടെ') വാസ്തവമായും സവിശേഷ ആനുകൂല്യങ്ങൾ അനുഭവിക്കുന്നവരും ആകുന്നു!

എന്താണ് ആ നിബന്ധന?